# ഞാൻ

**ഷാജി.എ**
(ടെലി.)

അവിവാഹിതനായ എന്റെ അമ്മയുടെ വയറ്റിൽ ഏതോ ഒരു ബീജത്തിന്റെ ഭ്രൂണമായി ഞാൻ വളർന്നു. പ്രപഞ്ച സംഗീതങ്ങൾക്കുമപ്പുറത്ത്, കാലത്തിന്റെ തടവറയ്ക്കപ്പുറത്ത് ഞാൻ വളർന്നു, അനശ്വര സംഗീതം നുണഞ്ഞുകൊ്. ആ സംഗീതം എന്റെ മുൻജന്മസ്മൃതികളെ ഇല്ലാതാക്കി......

ആ കറുത്ത കിഴവൻ അടങ്ങിയിരുന്നില്ല. ഒരു സത്യം നടന്നു.

ഞാൻ ജനിച്ചു.

ജനിച്ചപ്പോൾ ഞാൻ കരഞ്ഞു. എന്തിനാണെന്നറിഞ്ഞുകൂടായിരുന്നു. എന്നിട്ടും ഞാൻ കരഞ്ഞു.... കൈകൾ ഞാൻ മുറുക്കി പിടിച്ചിരുന്നു. എന്റെ കൈയിലെ പുഷ്പം മോഷ്ടിക്കാതിരിക്കാൻ, എന്റെ സംഗീതസാന്ദ്രമായ തടവറ ആ കിഴവൻ ഇല്ലാതാക്കി, എന്റെ നാസാദ്വാരങ്ങളിൽ എന്തിന്റെയോ വൃത്തികെട്ട മണം മുട്ടയിട്ടു. അതവിടെ പൊട്ടിവിരിഞ്ഞു.

പ്രലോഭനങ്ങൾ കാട്ടി കിഴവൻ എന്നെ നടത്തി. ബഹളംവെച്ചു ചിരിച്ചുല്ലസിക്കുന്ന കുട്ടികളെ ഞാൻ കു. അവരുടെ തിളങ്ങുന്ന വസ്ത്രം ഞാൻ കു. ഒരു സ്വപ്നം അറിയാതെ മൂർത്തമായി. എന്തു സുന്ദരമായിരിക്കുന്നു. ആ കുട്ടി എന്താണു വിളിച്ചത്?

ബാ.....ർ.........ഡ് എന്നോ?

പിടി കിട്ടി 'ബാസ്റ്റേഡ്'

എന്തായിരിക്കും അതിന്റെ അർത്ഥം.

എനിക്ക് ജീവനു്. ആ കുട്ടികൾക്കും ജീവനു്. അവർക്കു നല്ല വസ്ത്രങ്ങളു്. അവർക്കില്ലാത്ത ഒരു സമ്പത്ത് എനിക്കു്. ഞാൻ സന്തോഷിച്ചു.

എന്റെ 'ധനം.'

ശരീരം മുഴുവൻ വരട്ടുചൊറി.

എന്റെ ധനമാണത്. ചീഞ്ഞളിഞ്ഞ തെരുവിന്റെ കരുണ. ആ തെരുവിനോടു നന്ദി പറയണമെന്നു തോന്നി.

കിഴവൻ എന്നെ വീും ആട്ടിത്തെളിച്ചു. ഞാൻ മടിച്ചു നിന്നു. കിഴവൻ എന്നെ തല്ലി. ഞാൻ അനങ്ങിയില്ല. അയാൾ അട്ടഹസിച്ചു. 'നസ്രേത്തിലെ യേശു' വിനെക്കൊു കുരിശു ചുമപ്പിച്ചവനാണ് ഞാൻ. സീസറിനു വേി സാമ്രാജ്യങ്ങൾ തകർത്ത് പെണ്ണു കൊുവന്നവനാണ് ഞാൻ. ബൊളിവിയൻ മണൽക്കാടുകളിൽ ചെഹുവരയുടെ രക്തം തളിച്ചവനാണ് ഞാൻ. വിപ്ലവ തീപ്പൊരിയായിരുന്ന സോളമൻ മെഹലാളവിനെപ്പോലും വകവരുത്തിയവനാണ് ഞാൻ. കിഴവന്റെ കണ്ണിൽ അഹന്ത നിറഞ്ഞു.

എന്നിട്ടും ഞാനനങ്ങിയില്ല. കിഴവൻ അനുനയത്തിനൊരുങ്ങി. എന്റെ സ്മൃതിയെ അയാൾ പിറകോട്ട് വലിച്ചു.

....അമ്മ, അതെന്നോ അകുന്നു പോയി. രാത്രിയുടെ രാം യാമങ്ങളിൽ അമ്മയെ ഞാൻ തിരക്കി.

ക ി ല്ല.

പുലർന്നപ്പോൾ അമ്മ എന്റെ സമീപത്തുായിരുന്നു. ഒരിരു രാത്രിയിൽ ഞാനുണർന്നു. അമ്മയെ കില്ല. ഞാൻ കരഞ്ഞു. അപ്പോൾ കിഴവൻ വന്നു വിളിച്ചു. അമ്മയെ കാണിച്ചുതരാമെന്നു പറഞ്ഞു.....

അയാൾ പറഞ്ഞു. ഇതായിരുന്നല്ലോ നീ. ഞാൻ നടന്നു. കിഴവൻ എനിക്ക് ഒരുപാട് കഥ പറഞ്ഞു തന്നു. കൂട്ടത്തിൽ സിന്റെർലയുടേയും. അപ്പോഴും ഞാൻ നടക്കുകയായിരുന്നു.

അങ്ങനെ ഞാനീ നഗരത്തിലെത്തി. വിശന്നു പൊരിഞ്ഞപ്പോൾ ഇലകൾക്കു വേി പിടിക്കൂടി. വീും നടന്നു. നടന്നെത്തിയത് വിമൻസ് കോളേജിന്റെ മുന്നിലായിരുന്നു.

ഒരു നിമിഷം സ്തംഭിച്ചു നിന്നു.

ആ പെൺകുട്ടിക്ക് അമ്മയുടെ മുഖമുായിരുന്നു. ദിവസവും ഞാൻ അവിടെ വന്നു തുടങ്ങി. എന്റെ അമ്മയെ കാണാൻ.

അന്നും ഞാൻ വന്നു. അല്പം നേരത്തെ കിഴവൻ എന്റെ നിഴലിൽ എവിടെയോ വീണു കിടന്നിരുന്നു. നാലുമണിക്കു വേി ഞാൻ കാത്തിരുന്നു. തലയ്ക്ക് മുകളിൽ പന്തലിച്ചു നിന്ന വൃക്ഷം കാറ്റിലാടിയുലഞ്ഞു. ഞാൻ മുകളിലേയ്ക്കു നോക്കി, വൃക്ഷത്തിലൊരു ചിലന്തി.

പെട്ടെന്ന് സിന്റെർലുടെ കഥ എന്നിൽ പൂത്തു വിടർന്നു. സിന്റെർലാ സുന്ദരിയായിരുന്നു. അവൾക്ക് നിന്ദ്രയുടെ നിഴൽവീണ കണ്ണുകളുായിരുന്നു. സ്വരങ്ങൾക്ക് താളലയമുായിരുന്നു. അവളുടെ തുന്നലുകൾ അത്ര മനോഹരമായിരുന്നു. എന്റെ സിന്റെർലാ...... ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്നെ ശപിച്ച ആ സ്ത്രീയെ എന്റെ കൈയിൽ കിട്ടിയിരുന്നെങ്കിൽ....... സിന്റെർലാ നീ സുന്ദരിയാണ്. നിന്റെ എട്ടു കാലുകൾ കൊന്നെ പുണരുമ്പോൾ ഞാൻ കോരിത്തരിക്കും. എന്റെ സിന്റെർലാ എട്ടുകാലുകളുള്ള നിന്റെ ശരീരം എത്ര സുന്ദരമാണ്. നിന്നെക്കുറിച്ച് ഞാൻ അമ്മയോട് പറയും.

അമ്മയോട് പറയണം എനിക്ക് സിന്റെർലായെ ഇഷ്ടമാണെന്ന് ആ നിമിഷം എത്ര സുന്ദരമായിരിക്കും കോളേജ് ബെൽ ശബ്ദിച്ചു. കുട്ടികൾ ഓരോന്നായി പുറത്തു വന്നു.

അതാ വരുന്നു ............ എന്റെ അമ്മ.

ഞാൻ സന്തോഷം കൊ് തുള്ളിച്ചാടി. ഓടി അടുത്തു ചെന്ന് ഒറ്റ ശ്വാസത്തിൽ പറഞ്ഞു. അമ്മേ എനിക്ക് സിന്റെർലായെ ഇഷ്ടമാണ്. ദയവായി ഞങ്ങളുടെ വിവാഹത്തിന് അനുവാദം തരണം. ആ പെൺകുട്ടി എന്നെ തറച്ചു നോക്കി. കൂടെയുായിരുന്ന കുട്ടികൾ കുലുങ്ങി ചിരിച്ചു. ഞാൻ മാത്രം തനിച്ചായി. അമ്മയുടെ മുഖത്ത് പരിഹാസം. കിഴവന്റെ മുഖത്ത് അഹന്ത. ഇവരെ തോല്പിക്കണമെന്നു തോന്നി.

തിരിച്ചു മരച്ചുവട്ടിലേയ്ക്ക് നടന്നു. സിന്റെർലായുടെ പാദങ്ങളിൽ വീണു ഞാൻ യാചിച്ചു. സിന്റെർലാ എനിക്കൊരു തങ്ക നൂല് തരൂ..... മഴവില്ലിന്റെ വർണ്ണഭംഗിയുള്ള ഒരു തങ്കനൂലു തരൂ..... മുല്ല മൊട്ടിന്റെ ആകൃതിയൊത്ത പല്ലുകൾ കാട്ടി ഈണത്തിൽ സിന്റെർലാ ചിരിച്ചു.

ഞാൻ മരത്തിൽ വലിഞ്ഞു കയറി. ഒരു തങ്ക നൂല് പൊട്ടിച്ചെടുത്തു. ഒരറ്റം മരത്തിൽ കെട്ടി മറ്റേ അറ്റത്ത് ഒരു കുടുക്കുാക്കി. അതിൽ തല തിരുകി കഴുത്തോളം വലിച്ചു മുറുക്കി താഴേക്ക് ചാടി. ഞാനെന്നെ ആത്മഹത്യ ചെയ്തു. സിന്റെർലാ അപ്പോഴും ചിരിക്കുന്നുായിരുന്നു. അതിന്റെ അലകൾ നേർത്തു നേർത്തു എനിക്കു നഷ്ടപ്പെട്ടു.

സിന്റെർലയുടെ പാദങ്ങളിൽ തങ്കനൂലിൽ കുരുങ്ങി എന്റെ ശവശരീരം കിടന്നു. അമ്മയുടെ കരയിപ്പിച്ച സംതൃപ്തിയോടെ, കിഴവനെ തോല്പിച്ച സംതൃപ്തിയോടെ.

************